**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **12-07-2022 - ൽ മറുപടിയ്ക്ക്**

**സ്കോളർഷിപ്പ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന എസ്.സി., എസ്.ടി., ഒ.ഇ.സി., ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽപ്പെട്ട ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. എഡ്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന എസ്.സി, ഒ.ഇ.സി, ഒ.ബി.സി (എച്ച്) വിഭാഗങ്ങളിൽപ്പെട്ട BDS വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലിൻ മേൽ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. എഡ്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന എസ്.സി, ഒ.ഇ.സി, ഒ.ബി.സി (എച്ച്) വിഭാഗങ്ങളിൽപ്പെട്ട BDS വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലിൻ മേൽ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ